വിനോദിനോടൊപ്പം പോകാനായി നിർബന്ധിച്ചതായും അതിനു വഴങ്ങാത്തതിനാൽ തന്റെ ദേഹത്ത് മണ്ണെണ്ണ ഒഴിച്ചു തീ കൊളുത്തിയതായും സബിത മൊഴി നൽകിയിരുന്നു. വിനോദ്, വിജയശ്രീ എന്നിവരെ 27-2-2001-ന് അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി. കേസന്വേഷണം ത്വരിതപ്പെടുത്താൻ ജില്ലാ പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(2) കേരളാ ഗുരുക്ഷേത്ര സമാജം സമർപ്പിച്ച അവകാശ പത്രികയിലെ ആവശ്യങ്ങൾ

ശ്രീ. ജി. കാർത്തികേയൻ : സർ, കേരളത്തിലെ ജനസംഖ്യയിൽ ന്യൂന പക്ഷവും വിവിധ ജില്ലകളിൽ വ്യത്യസ്ത പേരുകളിൽ അറിയപ്പെടുന്നവരുമായ സമുദായങ്ങളുടെ സാമൂഹ്യ മാറ്റത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഒരു സംഘടനയാണ് കേരളാ ഗുരുക്ഷേത്ര സമാജം. കേരള സർക്കാരിന്റെ പിന്നോക്ക വിഭാഗപട്ടികയിലെ 29-ാം ക്രമനമ്പരിൽ പറഞ്ഞിട്ടുള്ള കണിശ, കണിയാൻ, പണിക്കർ, കാണി, കണിയാൻ, ഗണക-കണിശൻ തുടങ്ങിയ സമുദായങ്ങളെല്ലാം ഇതിൽ ഉൾപ്പെടുന്നു. അതിൽ പിന്നോക്കം നിൽക്കുന്നവർ ഓലക്കുട നിർമ്മാണം, കുട്ട നെയ്ത്ത് തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. ഈ സംഘടന നിരവധി തവണ കേരള നിയമസഭയുടെ പിന്നോക്കവിഭാഗ ക്ഷേമത്തിനായിട്ടുള്ള കമ്മിറ്റിയെ ഇവരുടെ ആവശ്യങ്ങൾ ബോദ്ധ്യപ്പെടുത്തുകയും കമ്മിറ്റി ഏകകണ്ഠമായി ഈ സമുദായങ്ങളെ ഒ.ഇ.സി. ലിസ്റ്റിൽപ്പെടുത്തി വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകി സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരേണ്ടതാണെന്ന് അഭിപ്രായപ്പെടുകയുമുണ്ടായി. കേരള നിയമസഭയിൽ അവതരിപ്പിക്കപ്പെട്ട ഒരു സബ്മിഷന് മറുപടിയായി ബഹുമാനപ്പെട്ട ഗവൺമെന്റ് ഈ ആവശ്യം പരിഗണിക്കുമെന്ന് സഭയ്ക്ക് ഉറപ്പു നൽകുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് വീണ്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ അപേക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, കേരള ഗുരുക്ഷേത്ര സമാജത്തിന്റെ നിവേദനത്തിലെ ആവശ്യങ്ങൾ സർക്കാരിന്റെ പരിശോധനയിലാണ്. സമാജത്തിൽ ഉൾപ്പെടുന്ന സമുദായങ്ങളുടെ സാമൂഹിക പിന്നോക്കാവസ്ഥ സംബന്ധിച്ച് പഠനം നടത്തിയതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ നിർവ്വാഹമുള്ളൂ. ഈ വിധത്തിലുള്ള ഒരു പഠനം നടത്തുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

(3) ചേർത്തലയ്ക്കടുത്ത് അർത്തുങ്കലിൽ ഡൊമിനിക് എന്ന മത്സ്യത്തൊഴിലാളി കൊലചെയ്യപ്പെട്ടതു സംബന്ധിച്ച്

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, കഴിഞ്ഞ വർഷം നവംബർ മാസത്തിൽ ചേർത്തലയ്ക്കടുത്തുള്ള അർത്തുങ്കലിൽ പള്ളിക്കത്തയ്യിൽ ഡൊമിനിക് എന്ന മത്സ്യത്തൊഴിലാളിയെ വീടു കയറി ആക്രമിച്ചു കൊലപ്പെടുത്തുകയും അയാളുടെ സഹോദരനെ മാരകമായി വെട്ടി പിക്കേൽപ്പിക്കുകയും ചെയ്ത കേസ്സിൽ 12 പേരെ പ്രതിയാക്കി അർത്തുങ്കൽ പോലീസ് കേസ്സെടുത്തിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതിൽ 5-ാം പ്രതി സി.പി.എം.ന്റെ അരിപ്പറമ്പ് ലോക്കൽ കമ്മിറ്റി മെമ്പർ സന്തോഷ് ആണ്. അദ്ദേഹമടക്കമുള്ള നിരവധി പേരെ ഇനിയും പിടിക്കാനുണ്ട്. കഴിഞ്ഞ ഒരു മാസത്തിലധികമായി സ്വതന്ത്രമത്സ്യത്തൊഴിലാളി യൂണിയനിലെ ശ്രീ. ലാൽകോയിപ്പറമ്പിലിന്റെ നേതൃത്വത്തിൽ അവിടെ വലിയ സമരം നടക്കുകയാണ്. എറണാകുളം, ആലപ്പുഴ തീരപ്രദേശങ്ങളിൽ വലിയ സംഘർഷാവസ്ഥ നിലനിൽക്കുകയാണ്. ഈ സന്തോഷിനെ പ്രതി സ്ഥാനത്തു നിന്നും മാറ്റാൻ വിസമ്മതിച്ച മാരാരിക്കുളം സി.ഐ.യെ കാസർകോട്ടേയ്ക്കു സ്ഥലം മാറ്റി. വെട്ടി പരിക്കേൽപ്പിക്കപ്പെട്ട ഡൊമിനിക്കിന്റെ സഹോദരന്റെ മൊഴിയുടെ അടിസ്ഥാനത്തിലാണ് എഫ്. ഐ. ആർ. എടുത്തിരിക്കുന്നത്. നിഷ്പക്ഷമായി അന്വേഷണം നടത്തി ആ. എഫ്.ഐ.ആർ.-ൽ പറഞ്ഞിരിക്കുന്ന മുഴുവൻ പ്രതികളേയും അറസ്റ്റു ചെയ്യാനും കൊല്ലചെയ്യപ്പെട്ട പാവപ്പെട്ട മത്സ്യത്തൊഴിലാളിയുടെ കുടുംബത്തെ സഹായിക്കാനും ഈ ഗവൺമെന്റ് മുന്നോട്ടു വരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : സർ, ശ്രീ. ഡൊമിനിക് പ്രസന്റേഷൻ സബ്മിഷനിൽ പറഞ്ഞ സംഭവം എന്റെ നിയോജക മണ്ഡലത്തിലുണ്ടായ ദാരുണമായ ഒരു കൊലപാതകമാണ്. ഞാൻ ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് രണ്ടു കത്തുകൾ നൽകിയിട്ടുണ്ട്. ഡൊമിനിക് എന്ന മത്സ്യത്തൊഴിലാളിയുടെ കൊലപാതകത്തിലെ പ്രധാനപ്പെട്ട പ്രതികളെ അറസ്റ്റു ചെയ്യാത്തതിന്റെ പേരിൽ ചേർത്തലയിലെ തീരപ്രദേശങ്ങളിലും ശ്രീ. ഡൊമിനിക് പ്രസന്റേഷൻ പറഞ്ഞതുപോലെ എറണാകുളം, ആലപ്പുഴ ജില്ലകളുടെ തീരപ്രദേശങ്ങളിലും സംഘർഷാന്തരീക്ഷം നിലനിൽക്കുകയാണ്. കഴിഞ്ഞ ഒരു മാസമായി സ്വതന്ത്ര മത്സ്യത്തൊഴിലാളി യൂണിയനുകൾ സത്യാഗ്രഹം നടത്തുകയാണ്. ഈ കൊലപാതകത്തിലെ പ്രധാനപ്പെട്ട പ്രതികളെ എത്രയും വേഗം അറസ്റ്റു ചെയ്ത് തീരപ്രദേശങ്ങളിൽ സമാധാനാന്തരീക്ഷം ഉണ്ടാക്കാൻ ഗവൺമെന്റ് മുൻകൈയെടുക്കണം. മുഖ്യമന്ത്രി തന്നെ ഇക്കാര്യത്തിൽ പ്രത്യേക താല്പര്യമെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ കൊല്ലപ്പെട്ട ഡൊമിനിക്കിന്റെ കുടുംബത്തിന് എന്തെങ്കിലും സഹായം നൽകാനും ഗവൺമെന്റ് തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, ചേർത്തല സൗത്ത് പഞ്ചായത്തിലെ പള്ളിക്കത്തയ്യിൽ വീട്ടിൽ ഡൊമിനിക്കിനെ 30-11-2000-ത്തിന് രാത്രിചിലർ ചേർന്ന് മാരകമായി പരിക്കേൽപ്പിച്ചു. ചികിത്സക്കു കൊണ്ടു പോകുംവഴി ഡൊമിനിക് മരണപ്പെട്ടു. ഇതു സംബന്ധിച്ച് ക്രൈം. 183/2000 നമ്പരായി അർത്തുങ്കൽ പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി. അർത്തുങ്കൽ പഞ്ചാരമുക്കിലുള്ള ഒരു കടമുറി ഒഴിപ്പിക്കുന്നതിനെ സംബന്ധിച്ചുണ്ടായ സംഭവ വികാസമാണ് ഡൊമിനിക്കിന്റെ മരണത്തിൽ കലാശിച്ചത്. 8 പ്രതികളെ അറസ്റ്റു ചെയ്തു. കോടതി അവരെ റിമാന്റു ചെയ്യുകയും രണ്ടു പേരെ ജാമ്യത്തിൽ വിടുകയും ചെയ്തിട്ടുണ്ട്. കേസന്വേഷണം ത്വരിതപ്പെടുത്തുവാൻ ഡി.ജി.പി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly